# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2061 22.01.2014-ൽ മറുപടിയ്ക്ക്

### വി.ഐ.പി. സുരക്ഷയുടെ ചുമതല

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശിവൻകുട്ടി<br>ശ്രീമതി. കെ. കെ. ലതിക<br>ശ്രീ. സാജുപോൾ<br>ശ്രീ. വി. ചെന്താമരാക്ഷൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് വി.ഐ.പി. സുരക്ഷയുടെ ചുമതല ആർക്കാണ്; വി. ഐ. പി. സുരക്ഷ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുണ്ടോ ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് വി.ഐ.പി. സുരക്ഷയുടെ ചുമതല ഇന്റലിജൻസ് പോലീസ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ കീഴിലുള്ള സുരക്ഷാ വിഭാഗത്തിനും അതാത് ജില്ലാ പോലീസ് മേധാവികൾക്കുമാണ് പ്രധാന വ്യക്തികൾ വഹിക്കുന്ന ഔദ്യോഗിക പദവികളുടെയും അവർക്കുനേരെയുള്ള സുരക്ഷാ ഭീഷണികളുടെയും അടിസ്ഥാനത്തിൽ എക്സ്, വൈ, ഇസെഡ്, ഇസെഡ് പ്ലസ് എന്നീ കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ സുരക്ഷാ തരംതിരിവുകളും കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ Yellow Book പ്രകാരമുള്ള സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങളും നിലവിലുണ്ട്. ഇതിനു പുറമെ സ്പെഷ്യൽ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, നാഷണൽ സെക്യൂരിറ്റി ഗാർഡ് തുടങ്ങിയ സുരക്ഷാ ഏജൻസികളുടെ സംരക്ഷണയുള്ള വി.ഐ.പി. കൾക്ക് കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങളും ഉണ്ട്. കൂടാതെ സംസ്ഥാന സർക്കാർ എ, ബി, സി എന്നീ സുരക്ഷാ തരം തിരിവുകൾ ഏർപ്പെടുത്തി സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുമുണ്ട്. ഈ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും, വി.ഐ.പി. സുരക്ഷ സംബന്ധിച്ച് കാലാകാലങ്ങളിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും ആണ് വി.ഐ.പി. കൾക്ക് സുരക്ഷ നൽകി വരുന്നത്. |
| ബി) മുഖ്യമന്ത്രിയുടെ നിലവിലുള്ള സുരക്ഷാ സംവിധാനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹു. മുഖ്യമന്ത്രിയുടെ നിലവിലുള്ള സുരക്ഷ Z+ കാറ്റഗറിയായി ഉയർത്തിയിട്ടുണ്ട്. |
| സി) മുഖ്യമന്ത്രിയുടെ യാത്രാവേളയിൽ, വിമാനത്താവളങ്ങളിൽ നിന്ന് യാത്ര അയക്കുന്നതും തിരികെ വരുമ്പോൾ സ്വീകരിക്കുന്നതും വീട്ടിലേക്കുള്ള യാത്രാ സംവിധാനം ഉറപ്പാക്കുന്നതും സുരക്ഷാ സംവിധാനങ്ങളുടെ ഭാഗമാണോ; അല്ലെങ്കിൽ അതിന്റെ ചുമതല നിക്ഷിപ്തമായിരിക്കുന്നത് ആരിലാണ്; വ്യക്തമാക്കുമോ; | (സി) ബഹു. മുഖ്യമന്ത്രിയുടെ യാത്രാവേളയിൽ വിമാനത്താവളത്തിൽ നിന്നും യാത്ര അയക്കുന്നതും തിരികെ വരുമ്പോൾ സ്വീകരിക്കുന്നതും വീട്ടിലേക്കും ഓഫീസ്സിലേക്കും ബഹു. മുഖ്യമന്ത്രി പങ്കെടുക്കുന്ന ചടങ്ങുകൾ ഉള്ള സ്ഥലങ്ങളിലേക്കുമുള്ള യാത്രാ സംവിധാനം ഉറപ്പാക്കുന്നത് സുരക്ഷാ സംവിധാനങ്ങളുടെ ഭാഗമാണ്. |

| | | | |
|---|---|---|---|
| ഡി) | മുഖ്യമന്ത്രിക്കും ഓഫീസിനുമായി എത്ര വാഹനങ്ങൾ അലോട്ട് ചെയ്തിട്ടുണ്ട്; അതു കൂടാതെ ഏതെല്ലാം വാഹനങ്ങൾ മുഖ്യ മന്ത്രിയുടെ ഓഫീസ് ഉപയോഗിക്കുന്നുണ്ട്; മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ എത്ര ഡ്രൈവർമാരുണ്ട്; | (ഡി) | ബഹു. മുഖ്യമന്ത്രിയ്ക്കായി രണ്ട് കാറുകളും മുഖ്യമന്ത്രിയുടെ ഓഫീസിലേയ്ക്കായി അഞ്ച് കാറുകളും വിനോദസഞ്ചാര വകുപ്പ് അലോട്ട് ചെയ്തിട്ടുണ്ട്. ബഹു. മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ മൂന്ന് ഡ്രൈവർമാരെ നിയമിച്ചിട്ടുണ്ട്. |
| ഇ) | ഇക്കഴിഞ്ഞ ഡിസംബർ രണ്ടാം തീയതി മുഖ്യമന്ത്രി തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്നും സ്വകാര്യ ടാക്സിയിൽ ക്ലിഫ് ഹൗസിലേക്ക് പോയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| എഫ്) | പ്രസ്തുത സംഭവം ആരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയുടെ ഫലമായിരുന്നു; ആരെല്ലാമാണി തിനുത്തരവാദികളെന്ന് കണ്ടെത്തുകയുണ്ടായോ ; കുറ്റക്കാർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (എഫ്) | ഇത് സംബന്ധിച്ച് സർക്കാരിന് ലഭിച്ച റിപ്പോർട്ട് പരിശോധിച്ചു വരുന്നു. |
| ജി) | സെക്രട്ടേറിയറ്റിലെ മുഖ്യമന്ത്രിയുടെ കസേരയിൽ മറ്റൊരാൾ വന്നിരുന്ന കേസിൽ പ്രതി ശിക്ഷിക്കപ്പെടുകയുണ്ടായോ; വിശദമാക്കാമോ? | (ജി) | സെക്രട്ടേറിയറ്റിലെ ബഹു. മുഖ്യമന്ത്രിയുടെ കസേരയിൽ മറ്റൊരാൾ വന്നിരുന്നതു സംബന്ധിച്ച് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ